(ബി, സി) നിശ്ചിത യോഗ്യതയുടെയും, 150-250 ശ്രേണി സ്കെയിലിലുള്ള ഒന്നാംഗ്രേഡ് അദ്ധ്യാപകർ നോൺ ഗസറ്റഡ് ഹെഡ്മാസ്റ്റർമാർ എന്നീ തസ്തികകളിലെ സർവ്വീസിന്റെയും സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ മാത്രമേ പ്രമോഷൻ നൽകിയിട്ടുള്ളൂ. സീനിയോറിറ്റി കണക്കാക്കുന്നതു് മൊത്തം സർവ്വീസിന്റെയും പ്രായത്തിന്റെയും അടിസ്ഥാനത്തിലല്ലാത്തതിനാൽ അൽപ്പം പ്രായക്കൂടുതലുള്ളവരും എന്നാൽ 150-250 ശ്രേണി സ്കെയിലിൽ കൂടുതൽ സർവ്വീസുള്ളവരും പ്രമോട്ടുചെയ്യപ്പെട്ടിട്ടില്ല.

(ഡി) ഇവരെ അതേശമ്പളത്തിൽതന്നെ മാറ്റിനിയമിക്കുകമാത്രമേ ചെയ്തിട്ടുള്ളൂ എന്നതിനാലും, ഇപ്പോഴും തന്നെ എല്ലാ സ്കൂളുകളിലും ഗസറ്റഡ് ഹെഡ്മാസ്റ്റർമാരെ നിയമിച്ചുകഴിഞ്ഞിട്ടുള്ളതിനാലും ഇവരുടെ ഗ്രേഡ് ഗസറ്റഡ് ആക്കുന്ന പ്രശ്നം ഉദിക്കുന്നില്ല.

ശ്രീ. ഇ. പി. ഗോപാലൻ: കേരളം രൂപീകരിക്കുന്നതിനുമുമ്പു തിരുവിതാംകൂർ കൊച്ചി ഭാഗത്തുള്ള അദ്ധ്യാപകന്മാക്കു് കുറച്ചു ഉയർന്ന സ്കെയിലും മലബാർ ഭാഗത്തുള്ള അദ്ധ്യാപകന്മാക്കു് കുറച്ചു താണ സ്കെയിലുമാണു് ലഭിച്ചുകൊണ്ടിരുന്നതു്. കേരളം രൂപീകരിച്ചതിനുശേഷം രണ്ടു ഭാഗത്തുമുള്ള സ്കെയിലുകളും ഇകോറു ചെയ്തപ്പോൾ മലബാർ ഭാഗത്തുള്ള അദ്ധ്യാപകന്മാരുടെ സർവ്വീസു് നഷ്ടപ്പെടാൻ ഇടവന്നിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ബഹുമാനപ്പെട്ട മെമ്പർ ഇൻറഗ്രേഷനിൽ സ്വീകരിച്ചിട്ടുള്ള തത്വങ്ങളെ പരോക്ഷമായി ചോദ്യം ചെയ്യുകയാണു്. ഞാൻ അതിനെപ്പറ്റി കൂടുതലായിട്ടു പറയുന്നില്ല. എങ്കിലും അതിനെപ്പറ്റിയുള്ള യാഥാർത്ഥ്യം ഞാൻ പറയാം. ഇതിൽ ചെയ്തിട്ടുള്ളതു് ഒന്നാം ഗ്രേഡ് അദ്ധ്യാപകന്മാരെ ഗസറ്റഡ് പോസ്റ്റിൽ ഹെഡ്മാസ്റ്റർമാരായി പ്രമോട്ടു ചെയ്തപ്പോൾ, അതിനു തൊട്ടു പുറകിലെ ഗ്രേഡിലുള്ള അദ്ധ്യാപകന്മാരുടെ സർവ്വീസും നോക്കി, ഏറ്റവും കൂടുതൽ സർവ്വീസുള്ളവരെ ഒന്നാം ഗ്രേഡ് അദ്ധ്യാപകന്മാരായി നിയമിച്ചു. തിരുവിതാംകൂർ കൊച്ചി ഭാഗത്തുള്ള ഇൻകംപ്രീറഡ് സ്കൂളിലുള്ള അദ്ധ്യാപകന്മാർ ഹെഡ്മാസ്റ്റർമാരായിട്ടുണ്ടു്. പ്രൈവറ്റുസ്കൂളിലും അതേഗ്രേഡിലുള്ള അദ്ധ്യാപകന്മാർ ഹെഡ്മാസ്റ്റർമാരായിരിക്കുകയാണു്. അതിനുള്ള അനുവാദമുണ്ടു്. ഫോംഫീഡ് സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാക്കു് 250—400 എന്നുള്ള സ്കെയിൽ അംഗീകരിച്ചിട്ടുണ്ടു്. മലബാർ ഡിസ്ട്രിക്ടു ബോഡിന്റെ കീഴിലുള്ള സ്കൂളുകൾ ഗവണ്മെന്റിലേക്കു് എടുത്തപ്പോൾ അവിടത്തെ ഹെഡ്മാസ്റ്റർമാരുടെ സ്കെയിൽ 150—250 ആയിരുന്നു. അങ്ങനെ ഒന്നാം ഗ്രേഡിലുള്ള ഹെഡ്മാസ്റ്റർമായായാലും ശരി, ഒന്നാം ഗ്രേഡിലുള്ള അദ്ധ്യാപകന്മാരായാലും ശരി ഏറ്റവും കൂടുതൽ സർവ്വീസുള്ളവരെ നോക്കി 250—400 സ്കെയിലിലുള്ള ഹെഡ്മാസ്റ്റർമാരായി നിയമിച്ചു. അപ്പോൾ 150-250 സ്കെയലിൽ ഹെഡ്മാസ്റ്റർമാരായിരുന്ന ചിലക്കു് ഹെഡ്മാസ്റ്ററായി തുടരാൻ നിവൃത്തിയില്ലാതായി.

ശ്രീമതി ഓ. ടി. ശാരദാകുട്ടൻ: 150-250 സ്കെയിലിൽ സർവ്വീസും പരീക്ഷായോഗ്യതയും ഉള്ള എത്ര ഹെഡ്മാസ്റ്റർമാരെ നിവർത്ത ചെയ്തിട്ടുണ്ടെന്നും അവർ ആരൊക്കെയാണെന്നും പറയാമോ.

ശ്രീ. ആർ. ശങ്കർ : 38 അദ്ധ്യാപകന്മാരെ നിവർത്ത ചെയ്തിട്ടുണ്ടു്. അവർ ആരൊക്കെയാണെന്നു പ്രത്യേകം ചോദിക്കാതെ പറയാൻ നിവൃത്തിയില്ല.

സഹകാര്യബസ്സുടമകളുടെ പണിമുടക്കം.

* 481. [16] † ശ്രീ. പി. സി. രാഘവൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്റ്റേറ്റിലെ സഹകാര്യ ബസ്സുടമകൾ ഒരു ദിവസം പ്രതിഷേധസൂചകമായി തങ്ങളുടെ ബസ്സുകൾ ഓടിക്കുന്നതല്ലെന്നു ഗവണ്മെന്റിനെ അറിയിച്ചിരുന്നുവോ ;

† Put by Shri T. C. Narayanan Nambiar.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവർ ഗവണ്മെന്റു മുമ്പാകെ വെച്ച നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു ;

(ഡി) പണിമുടക്കു സംരംഭത്തിൽനിന്നു സ്വകാര്യബസ്സുടമകളെ പിൻമാറാൻ അവർക്കു് എന്തെല്ലാം സൗജന്യങ്ങൾ അനുവദിച്ചു ;

(ഡി) സ്വകാര്യ ബസ്സുടമകളുടെ കേരള ഫെഡറേഷന്റെ പ്രധാന ഭാരവാഹിയായ സ്വരാജ് മോട്ടോർ ഉടമസ്ഥൻ 31-12-1963-വരെ സർക്കാരിലേക്കു അടച്ചുതീർക്കാനുള്ള കുടിശ്ശികയുണ്ടോ ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ)

(എ) അറിയിച്ചിരുന്നു.

(ബി) നിർദ്ദേശങ്ങളുടെ † ലിസ്റ്റു മേശപ്പുറത്തുവെച്ചിട്ടുണ്ടു്.

(സി) 1963 ഒക്ടോബർ, നവംബർ, ഡിസംബർ എന്നീ മാസങ്ങളിൽ 15-നു് മുൻപു് അടയ്ക്കേണ്ടിയിരുന്ന ടി. പി. ജി. ആക്റ്റു അനുസരിച്ചുള്ള കോമ്പസിഷൻ ഫീസു് അടയ്ക്കുന്നതിനു് അതാതു മാസം 30-നു് വരെ സമയം അനുവദിച്ചുകൊടുത്തു.

(ഡി) 1,02,780 ഉറുപ്പിക 63 നയാപൈസ.

ക്യാഷ്വൽ ലീവു്.

* 482. [17] ശ്രീ. കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകുതി ദിവസത്തേക്കു് ക്യാഷ്വൽലീവു് അനുവദിക്കുന്ന സമ്പ്രദായം ഇതിനുമുമ്പു് ഗവണ്മെന്റു പ്രസ്സിൽ ഉണ്ടായിരുന്നോ ;

(ബി) എന്നുമുതലെന്നുവരെ അത്തരമൊരു ആനുകൂല്യം നിലവിലിരുന്നു ;

(സി) എന്നുമുതൽ half day ക്യാഷ്വൽ ലീവു് സിസ്റ്റം ഗവണ്മെന്റു പ്രസ്സിൽ നിറുത്തലാക്കി ;

(ഡി) അതിനുള്ള കാരണമെന്താണു് ;

(ഇ) ഇതു് പുനഃപരിശോധനചെയ്യാൻ ഗവണ്മെന്റു സദയം ശ്രദ്ധിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഉണ്ടായിരുന്നു.

(ബി) 11-6-1963 വരെ ഈ ആനുകൂല്യം നിലവിലിരുന്നു. എന്നുമുതലാണു് ഈ ആനുകൂല്യം നിലവിലിരുന്നതെന്നു് തീർത്തു പറയാൻ സാദ്ധ്യമല്ല.

(സി) 12-6-1963 മുതൽ.

(ഡി) 1-11-1959 മുതൽ കേരള സർവ്വീസു് റൂളുകളും ഗവണ്മെന്റു പ്രസ്സിലും നടപ്പിലായി. പ്രസ്തുത റൂളുകളും പ്രകാരം അരദിവസത്തെ ക്യാഷ്വൽ ലീവു് അനുവദനീയമല്ല. പ്രസ്സിന്റെ ആഡിറ്റു് റിപ്പോർട്ടിൽ അരദിവസത്തെ ക്യാഷ്വൽ ലീവു് അനുവദിച്ചിരുന്ന സമ്പ്രദായം റൂൾ അനുസരിച്ചു് നിറുത്തലാക്കണമെന്നു് ചൂണ്ടിക്കാണിച്ചിരുന്നു. ഇവ കാരണമാണു് 12-6-1963 മുതൽ ഇതു് നിറുത്തലാക്കിയതു്. തെറ്റായി 1-11-1959 മുതൽ 12-6-1963 വരെ അനുവദിച്ചിട്ടുള്ള അരദിവസത്തെ ക്യാഷ്വൽ ലീവു് ഗവണ്മെന്റു റഗുലറൈസു് ചെയ്യുകയും ചെയ്തു.

(ഈ) പുനഃപരിശോധന ചെയ്യേണ്ട ആവശ്യം കാണുന്നില്ല.

† Appendix II.

LIBRARY ARCHIVES Kerala Legislative Assembly